പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.**5804**

**02.07.2019** -ലെ മറുപടിയ്ക്ക്

## തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

ചോദ്യം
ശ്രീ.ഡി.കെ.മുരളി :

ഉത്തരം
ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

ബി) അതുമൂലം തൊഴിലാളികൾക്ക് പുതിയതായി ലഭിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

(എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം വേതനം നിശ്ചയിച്ചും പുതുക്കി നിശ്ചയിച്ചും 30 തൊഴിൽ മേഖലകളിൽ മിനിമം വേതന വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. വ്യവസായ ബന്ധസമിതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആവാസ് പദ്ധതി, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം, ഓൺലൈൻ സേവനങ്ങൾ, കോൾ സെന്റർ, ഗ്രേഡിംഗ് തുടങ്ങി തൊഴിൽ മേഖലകളിൽ നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിരവധി പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയും ആയതിൻ പ്രകാരം സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനകളിൽ തൊഴിലാളികൾക്ക് മിനിമം വേതനം, അധിക സമയജോലിക്കുള്ള ഓവർടൈം വേതനം, ആഴ്ച അവധി, ശമ്പളത്തോടുകൂടിയുള്ള ദേശീയ ഉത്സവ അവധി ദിനങ്ങൾ, സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം, ഹോസ്റ്റൽ സൗകര്യം, വേതന സുരക്ഷാ പദ്ധതി മൂലം വേതന പരിരക്ഷ എന്നിങ്ങനെ നിരവധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**മിനിമം വേതനം**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതനം നിശ്ചയിച്ചും പുതുക്കി നിശ്ചയിച്ചും ഉത്തരവായിട്ടുള്ള 30 തൊഴിൽ മേഖലകൾ

| | | | |
|---|---|---|---|
| 1 | ഹോസ്റ്റൽസ് | 20.06.2016 | ജി.ഒ.(പി) നം.94/2016/തൊഴിൽ |
| 2 | ഐസ് ഫാക്ടറീസ് | 18.07.2016 | ജി.ഒ.(പി) നം.109/2016/തൊഴിൽ |
| 3 | കെയിൻ ആന്റ് ബാംബു ഇൻഡസ്ട്രി | 06/08/16 | ജി.ഒ.(പി)നം.134/2016/തൊഴിൽ |
| 4 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് | 06/08/16 | ജി.ഒ.(പി)നം132/2016/തൊഴിൽ |
| 5 | ഹാൻഡ് ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് | 06/08/16 | ജി.ഒ.(പി)നം.133/2016/തൊഴിൽ |
| 6 | പ്രിന്റിംഗ് പ്രസസ് | 06/08/16 | ജി.ഒ.(പി) നം.131/2016/തൊഴിൽ |
| 7 | സെയിൽസ് പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് | 23.06.2016 | ജി.ഒ.(പി) നം.112/2016/തൊഴിൽ |
| 8 | മിഡ്-ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് | 08/08/16 | ജി.ഒ.(പി) നം.136/2016/തൊഴിൽ |
| 9 | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ | 03/09/16 | ജി.ഒ.(പി)നം.149/2016/തൊഴിൽ |
| 10 | ഷോപ്സ് ഹോട്ടൽ ആന്റ് റസ്റ്റോറന്റ് | 21.12.2016 | ജി.ഒ.(പി)നം.196/2016/തൊഴിൽ |
| 11 | ഡൊമസ്റ്റിക് വർക്സ് (ഗാർഹിക മേഖല) | 29.12.2016 | ജി.ഒ.(പി)നം.202/2016/തൊഴിൽ |
| 12 | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി | 06/03/17 | ജി.ഒ.(പി) നം.13/2017/തൊഴിൽ |
| 13 | ഫോട്ടോഗ്രാഫി ആൻഡ് വീഡിയോഗ്രാഫി | 03/05/17 | ജി.ഒ.(പി) നം.33/2017/തൊഴിൽ |
| 14 | പേപ്പർ ഇൻഡസ്ട്രി | 09/05/17 | ജി.ഒ.(പി) നം.32/2017/തൊഴിൽ |
| 15 | ഓയിൽമിൽ | 09/05/17 | ജി.ഒ.(പി) നം.36/2017/തൊഴിൽ |
| 16 | മെഡിക്കൽ ഷോപ്പ് | 24.05.2017 | ജി.ഒ.(പി) നം.45/2017/തൊഴിൽ |
| 17 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് | 09/05/17 | ജി.ഒ.(പി) നം.39/2017/തൊഴിൽ |
| 18 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി | 09/05/17 | ജി.ഒ.(പി) നം.37/2017/തൊഴിൽ |
| 19 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് | 19.05.2017 | ജി.ഒ.(പി)നം.44/2017/തൊഴിൽ |

| | | | |
|---|---|---|---|
| 20 | സെക്യൂരിറ്റി സർവ്വീസ് | 09/05/17 | ജി.ഒ.(പി) നം.38/2017/തൊഴിൽ |
| 21 | ഫുട് വെയർ മാനുഫാക്ചറിങ്ങ് | 14.07.2017 | ജി.ഒ.(പി) നം.69/2017/തൊഴിൽ |
| 22 | ഓയിൽപാം | 01/08/17 | ജി.ഒ.(പി) നം.77/2017/തൊഴിൽ |
| 23 | പ്രൈവറ്റ് ഹോസ്പിറ്റൽസ് | 23.04.2018 | ജി.ഒ.(പി) നം.33/2018/തൊഴിൽ |
| 24 | ഫിഷ് പീലിംഗ്, ഫിഷ് കാനിങ്ങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുട്സ് | 02/08/18 | ജി.ഒ.(പി) നം.62/2018/തൊഴിൽ |
| 25 | ഖാദി ഇൻഡസ്ട്രീസ് | 03/08/18 | ജി.ഒ.(പി) നം.64/2018/തൊഴിൽ. |
| 26 | കൈത്തറി | 09/08/18 | ജി.ഒ.(പി) നം.67/2018/തൊഴിൽ |
| 27 | ഹാന്റിക്രാഫ്റ്റ് | 24.03.2019 | ജി.ഒ.(പി) നം.24/2019/തൊഴിൽ |
| 28 | മൈനർ പോർട്ട് | 09/04/19 | ജി.ഒ.(പി) നം.32/2019/തൊഴിൽ |
| 29 | റബ്ബർ പ്രോഡക്റ്റ് ഇൻഡസ്ട്രീസ് | 20/04/2019 | ജി.ഒ.(പി) നം.34/2019/തൊഴിൽ |
| 30 | സിനിമാ തീയറ്റർ | 21.06.2019 | ജി.ഒ.(പി) നം.61/2019/തൊഴിൽ |

**പ്രാഥമിക വിജ്ഞാപനം ആയിട്ടുള്ള മേഖലകൾ.**

| | |
|---|---|
| 1 | ഫോറസ്റ്റ് |
| 2 | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 3 | മൈനർ എഞ്ചിനീയറിംഗ് |
| 4 | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് |
| 5 | ടോഡി ടാപ്പിംഗ്, ടോഡി വെൻഡിംഗ് |
| 6 | കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ്, സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് , റിവർ സാന്റ് കളക്ഷൻ |
| 7 | ഗാർമെന്റ്മേക്കിംഗ് ഇൻഡസ്ട്രി |
| 8 | ബ്ളോക്ക്റബ്ബർ ഫാക്ടറീസ് |
| 9 | പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് (സ്റ്റേ) |
| 10 | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ |

| | |
|---|---|
| 11 | മാച്ച് ഇൻഡസ്ട്രി |
| 12 | പെട്രോൾ പമ്പ് |

**വ്യവസായ ബന്ധസമിതി**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന വ്യവസായ ബന്ധസമിതികളും വ്യവസായ ബന്ധസമിതി ബോർഡും പുന:സംഘടിപ്പിച്ചിട്ടുണ്ട്.

1. പ്ലാന്റേഷൻ ലേബർ കമ്മിറ്റി
2. കാഷ്യൂ വ്യവസായ ബന്ധസമിതി
3. കയർ വ്യവസായ ബന്ധസമിതി
4. കള്ള് ചെത്ത് വ്യവസായ ബന്ധസമിതി
5. സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി
6. മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായ ബന്ധസമിതി
7. സപ്ലൈകോ വ്യവസായ ബന്ധസമിതി
8. പത്രപ്രവർത്തക വ്യവസായ ബന്ധസമിതി
9. ടെക്സ്റ്റൈയിൽ വ്യവസായ ബന്ധസമിതി

**ആവാസ് പദ്ധതി**

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് ആവാസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത് പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ ലഭ്യമാക്കുന്നുണ്ട്. 2,00,000/- രൂപയുടെ അപകട മരണ ഇൻഷ്വറൻസും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആവാസുമായി ബന്ധപ്പെട്ട എൻറോൾമെന്റ് നടത്തി ഇൻഷ്വറൻസ് കാർഡ് പ്രിന്റ് ചെയ്യുന്നതിന് M/s. Smart IT Services Private Limited എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആവാസ് പദ്ധതി അഷ്വറൻസ് മോഡിലേക്ക് മാറ്റിയിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായി തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ ശ്രമിക്ബന്ധു ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ**

ബഹു. തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 16 ക്ഷേമനിധി ബോർഡുകളെ 10 ക്ഷേമ ബോർഡുകളായി ഏകീകരിക്കുന്നതിനുവേണ്ടി സെൻട്രൽ ട്രേഡ് യൂണിയനുകളെ ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും, ഓരോ ക്ഷേമനിധി ബോർഡുകൾ തിരിച്ച് ബോർഡുകളുടെ പ്രവർത്തി അവലോകന യോഗം നടന്നുവരുന്നു. ആയതനുസരിച്ച് കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സെസ്സ് പിരിവ് സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടികളെ

സംബന്ധിച്ചും ലേബർ കമ്മീഷണറേറ്റിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നിർദ്ദേശം നൽകുകയും, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലഭിക്കേണ്ട സെസ്സ് സംബന്ധിച്ച് കുടിശ്ശിക തുകയും ലഭിക്കുന്നതിലേയ്ക്കായി എല്ലാ വില്ലേജ് ഓഫീസർമാരുടെയും സഹകരണം ഉറപ്പുവരുത്തുന്നതിനായുള്ള നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് .

05.02.2019 -ൽ കൂടിയ കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തി അവലോകന യോഗത്തിൽ സപ്ലൈകോയിലെ കയറ്റിറക്ക് മേഖലയിൽ പണിചെയ്യുന്ന തൊഴിലാളികളെ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിന് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച നടത്തി തീരുമാനം കൈക്കൊള്ളുന്നതിന് 22.03.2019 -ന് ആദ്യഘട്ട ചർച്ച നടത്തുകയും ചെയ്തതനുസരിച്ച് സപ്ലൈകോയിൽ നിലനിന്നിരുന്ന കരാർ വ്യവസ്ഥയിൽ അടുത്ത വർഷം മുതൽ സപ്ലൈകോയും കോൺട്രാക്ടറുമായി കരാർ വയ്ക്കുമ്പോൾ ചുമട്ട് തൊഴിലാളികൾക്കുള്ള തുക നേരിട്ട് തൊഴിലാളികളുടെ കയ്യിൽ കൊടുക്കാതെ ബോർഡിൽ അടയ്ക്കണമെന്നും ചുമട്ട് തൊഴിലിനുള്ള തുക കൊടുക്കാത്ത കോൺട്രാക്ടർമാർക്ക് സപ്ലൈകോയിൽ നിന്നും തുക അനുവദിക്കാതിരിക്കാനുള്ള വ്യവസ്ഥകൾ പുതിയ കരാറിൽ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം സപ്ലൈകോ അംഗീകരിക്കുകയും, സപ്ലൈകോ ഗോഡൗണുകളിൽ തൊഴിലെടുക്കുന്ന എല്ലാ ചുമട്ടുതൊഴിലാളികളേയും കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ കൊണ്ടുവരുത്താനുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിനെ ചുമതലപ്പെടുത്തി തീരുമാനം എടുക്കുവാനും കഴിഞ്ഞിട്ടുണ്ട് . കൂടാതെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രസവാനുകൂല്യം സംബന്ധിച്ച ധനസഹായം ലേബർ കമ്മീഷണർ പരിശോധിച്ച് നൽകുവാൻ കഴിയുന്നതാണെങ്കിൽ ചെയ്യുമെന്നും യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് .

**അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം**

ഒന്നിലധികം ബോർഡുകളിൽ മെമ്പർഷിപ്പ് എടുക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി 2008-09 വർഷം മുതൽ ബോർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ചുള്ള അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന പദ്ധതി കെൽട്രോൺ വഴി നടപ്പിലാക്കി വരികയാണ് . തൊഴിൽ വകുപ്പിന്റെ കീഴിൽവരുന്ന 16 ക്ഷേമ നിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധതൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിവരങ്ങൾ മുഴുവനും അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂടി ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന ടി പദ്ധതിക്ക് 15/07/2013 തീയതി പത്തനംതിട്ട ജില്ലയിലെ അക്ഷയ കേന്ദ്രങ്ങളിൽ പരീക്ഷണാർത്ഥം തുടക്കം കുറിച്ചു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 08/08/2013-ാം തീയതിയായിരുന്നു. ക്ഷേമ ബോർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട മുഴുവൻ അംഗങ്ങൾക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവരുടെ ആധാർ നമ്പരുമായി ബന്ധപ്പെടുത്തി സ്വന്തം ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് എത്തിച്ചു കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം. ഇതിലുപരി ഒരേ അംഗങ്ങൾ ഒന്നിൽ കൂടുതൽ ക്ഷേമനിധി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് തടയുക, വ്യാജ അംഗത്വങ്ങൾ ഇല്ലാതാക്കുക , ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും യുണീക് ഐ.ഡി കാർഡ് നൽകുന്നതിനായുള്ള പദ്ധതിയാണിത് . കാർഡ് പ്രന്റ് ചെയ്ത് തൊഴിലാളികൾക്ക് നൽകിക്കൊണ്ട് ടി പദ്ധതിയുടെ ഉദ്ഘാടനം നടത്തി.

എല്ലാ ബോർഡുകളെയും ഒരൊറ്റ സോഫ്റ്റ്വെയറിന് കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റത്തിന്റെ വിപുലീകരണം സംബന്ധിച്ചുള്ള നടപടികൾ നടന്നുവരുകയാണ് . ഈ സോഫ്റ്റ്വെയറിന്റെ സഹായത്തോടെ ക്ഷേമനിധി ബോർഡിലെ എല്ലാ അംഗങ്ങൾക്കും അവരുടെ അംശാദായ അടവ് നേരിട്ടോ ഓൺലൈൻ മുഖാന്തിരമോ ,ബാങ്ക് മുഖാന്തിരമോ , അക്ഷയ കേന്ദ്രം മുഖേനയോ നടത്താവുന്നതാണ് .

തൊഴിലാളികൾക്ക് ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാനും ക്രെഡിറ്റ് വിവരങ്ങൾ അറിയാനും ട്രാൻസാക്ഷനുകൾ കാണാനുള്ള സൗകര്യം, എസ്.എം.എസ് സൗകര്യം എന്നിവയും ഇതിലൂടെ ലഭ്യമാകും. എല്ലാ ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനങ്ങൾ ഈ സോഫ്റ്റ്‌വെയറിലൂടെ ലേബർ കമ്മീഷണറുടെ കാര്യാലത്തിലിരുന്നു വീക്ഷിക്കാവുന്നതാണ്. അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം വിപുലീകരിക്കുന്നതിനായി കെൽട്രോണിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതും, ആയത് അംഗീകരിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനത്തിലുള്ളതുമാണ് . അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റത്തിലൂടെ ബോർഡുകളിലെ ഓഫീസുകൾ ഇ-ഓഫീസ് എന്ന രീതിയിൽ മാറ്റാവുന്നതും ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ സോഫ്റ്റ്‌വെയറുമായി ഇൻറഗ്രേറ്റ് ചെയ്യാവുന്നതുമാണ് .

**ഓൺലൈൻ സേവനങ്ങൾ**

സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിൽ വകുപ്പിൽ നിന്ന് ആർജ്ജിക്കേണ്ടതായ രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ എന്നീ സർട്ടിഫിക്കറ്റുകൾക്കാവശ്യമായ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനും, സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് .

ഓൺലൈൻ പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതിലൂടെ പൊതുജനങ്ങൾക്ക് ലേബർ ഓഫീസിൽ ഹാജരാകാതെ തന്നെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സാധിക്കുന്നു.

**കോൾസെന്റർ**

സംസ്ഥാനത്തുടനീളം തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട സംശയ നിവാരണങ്ങൾക്കും വിവിധ തൊഴിൽ മേഖലകളിൽ ഉയർന്നുവരുന്ന തൊഴിൽ പ്രശ്നങ്ങൾക്കും സമയബന്ധിതമായി പരിഹാരം കാണുന്നതിനായി ലേബർ കമ്മിഷണറുടെ കാര്യാലയത്തിൽ ഒരു കോൾസെന്റർ പ്രവർത്തിച്ചുവരുന്നുണ്ട് . പ്രസ്തുത കോൾസെന്ററിന്റെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പരാതി പരിഹാര സംവിധാനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുമായി പൊതുജനങ്ങൾക്കായി ലേബർ ഇൻഫോ എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട് .

"ലേബർ ഇൻഫോ " മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട വിവിധ സംശയങ്ങളുടെ നിവാരണം നടത്താവുന്നതും, ആയതിനൊപ്പം പൊതുസമൂഹത്തിലുണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ച പരാതികളും ടി മൊബൈൽ ആപ്ലിക്കേഷനിലൂടെ സമർപ്പിക്കാവുന്നതുമാണ് . പ്രസ്തുത മൊബൈൽ ആപ്ലിക്കേഷനിൽ പൊതുജനങ്ങൾക്കാവശ്യമായ പതിവ് ചോദ്യങ്ങളടങ്ങിയ ഒരു ചോദ്യാവലിയും ആയതിന്റെ ഉത്തരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് .

**ഗ്രേഡിംഗ്**

കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെയും, ഫാക്ടറീസ് ആക്ടിന്റെയും കീഴിൽ വരുന്ന വ്യാപാര സ്ഥാപനങ്ങളെ തരംതിരിക്കുന്ന ഒരു പുതിയ പദ്ധതി, ഗ്രേഡിംഗ് എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട് . മികച്ച തൊഴിലാളി ക്ഷേമപ്രവർത്തനവും തൊഴിൽ നിയമ വ്യവസ്ഥകളുടെ പാലനവും മുൻനിർത്തി സ്ഥാപനങ്ങൾക്ക് അംഗീകാരവും നൽകിവരുന്നു .

ആശുപത്രികൾ, വസ്ത്ര വ്യാപാരസ്ഥാപനങ്ങൾ, ഹോട്ടൽ/റെസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ഫാക്ടറികൾ എന്നീ മേഖലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് . ഇതുമൂലം വേതന പരിരക്ഷയും തൊഴിലിടങ്ങളിൽ സ്ത്രീ സൗഹൃദ സൗകര്യങ്ങൾ ഉറപ്പുവരുത്തി വിശ്രമം, ശുചിത്വം തൊഴിൽ സുരക്ഷിതത്വത്തോടെ ഗുണമേന്മയുള്ള സേവനം പ്രദാനം ചെയ്യാൻ തൊഴിലാളികളെ പ്രാപ്തരാക്കാനും സാധിക്കുന്നു.

ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെയുള്ള

ഗ്രേഡുകളാണ് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത് . ഗ്രേഡ് ലഭ്യമാകാത്ത സ്ഥാപനങ്ങൾ. വകുപ്പ് നിശ്ചയിച്ചിട്ടുള്ള താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള അവസ്ഥ മെച്ചപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട് .

1. മികച്ച തൊഴിൽ ദാതാവ്

2. സംതൃപ്തരായ തൊഴിലാളികൾ

3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം

4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം

5. സ്ത്രീ സൗഹൃദ അന്തരീക്ഷം

6. തൊഴിലാളിക്ക് നൽകുന്ന സൗകര്യങ്ങൾ

7. തൊഴിലിടങ്ങളിലെ സുരക്ഷ

**ചുമട്ടുതൊഴിലാളികളുടെ കൂലി ഏകീകരണം**

ചുമട്ടുതൊഴിലാളികളുടെ കൂലി ഏകീകരണം സംസ്ഥാനമൊട്ടാകെ ജില്ലാടിസ്ഥാനത്തിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട് .

**നിയമഭേദഗതി**

മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ ടി നിയമപ്രകാരമുള്ള പിഴ തുക 500/- രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തികൊണ്ടും മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട് . കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരം കൂടി നൽകിയിട്ടുണ്ട് .

2018 ലെ കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടുണ്ട് . 2018-ലെ കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിനും, ജോലി സ്ഥലത്ത് നിന്ന് താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിൽ ഉടമ ഏർപ്പെടുത്തി നൽകേണ്ടതുണ്ട് . ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി മുഖേന വരുത്തിയിട്ടുണ്ട് . വകുപ്പ് 29 പ്രകാരം കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29 (b),(c) പ്രകാരം യഥാക്രമം 5,000/- രൂപ എന്നത് ഒരു ലക്ഷം രൂപയും 10,000/- രൂപ എന്നത് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് .

വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ ഉൾപ്പെടുത്തി ഭേദഗതി വരുത്തി. സെയിൽസ് പ്രൊമോഷൻ തൊഴിലാളികളുടെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു.

**ബിൽഡിംഗ് സെസ്സ് നിർണ്ണയം**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിർണ്ണയം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന

ആശയക്കുഴപ്പങ്ങൾ ദൂരീകരിച്ച് ലളിതമായി സെസ്സ് നിർണ്ണയിക്കുന്നതിനായി പുതുക്കിയ നിരക്കുകൾ നിശ്ചയിച്ച് ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്.

**വ്യവസായ ബന്ധസമിതികളുടെ പ്രവർത്തനം**

സ്വകാര്യ ആശുപത്രി മിനിമം വേതന കമ്മിറ്റിയുടെ ശുപാർശയുടെയും മിനിമം വേതന ഉപദേശക സമിതിയുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ടി സ്വകാര്യ ആശുപത്രി മേഖലയിലെ മിനിമം വേതന വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചു.

ടെക്സ്റ്റൈൽ മേഖല ജീവനക്കാരുടെ ഓണക്കാല ബോണസ് സംബന്ധിച്ച് വ്യവസായ ബന്ധ സമിതി തീരുമാനം ഉണ്ടാക്കിയിട്ടുള്ളതും ടി മേഖലയിലെ ജീവനക്കാരുടെ സേവന വേതനം സംബന്ധിച്ച ദീർഘകാല കരാറിന് സമിതി നടപടി സ്വീകരിച്ചു വരുന്നു ആയത് അന്തിമഘട്ടത്തിലാണ്.

കയർ വ്യവസായ മേഖലയിലെ ഫാക്ടറി തൊഴിലാളികളുടെ സേവന വേതന കരാർ പുതുക്കി നിശ്ചയിച്ചു.

പുന:സംഘടിപ്പിക്കപ്പെട്ട വ്യവസായ ബന്ധ സമിതി ബോർഡ്, ടെക്സ്റ്റൈൽസ് വ്യവസായ ബന്ധ സമിതി, സപ്ലൈകോ വ്യവസായ ബന്ധ സമിതി, മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായ ബന്ധ സമിതി എന്നിവയുടെ യോഗങ്ങൾ ചേരുകയും ടി വ്യവസായ മേഖലകളുടെ സുഗമമായ നടത്തിപ്പിനായി ക്രിയാത്മകമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമിതി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, സർക്കാർ പുന:സംഘടിപ്പിച്ച പത്രപ്രവർത്തക വ്യവസായ ബന്ധസമിതിയുടെ യോഗം നടത്തുകയും സമിതിയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങളിന്മേൽ ചർച്ച ക്രമീകരിച്ചു വരുന്നു.

കള്ള് ചെത്ത് വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടി മിനിമം വേതന ഉപദേശക സമിതി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി മേഖലയിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നിശ്ചയിച്ചുകൊണ്ട കരാർ ഒപ്പു വച്ചു.

കുട്ടനാട് കാർഷിക മേഖലയിലെ പ്ലംബിംഗ് മോട്ടോർ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള കരാർ ഒപ്പുവച്ചു.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ധാരണയിലെത്തിച്ചേരാൻ കഴിയാത്ത സാഹചര്യത്തിൽ ടി മേഖലയിലെ തൊഴിലാളികൾക്ക് 01.02.2019 മുതൽ പ്രതിദിനം 50/- രൂപ ഇടക്കാലാശ്വാസം നൽകുന്നതിന് തീരുമാനിച്ചു. വേതന പരിഷ്കരണം സംബന്ധിച്ച അന്തിമ കരാറിന്റെ ചർച്ച പ്ലാന്റേഷൻ കമ്മിറ്റിയിൽ പുരോഗമിച്ചു വരുന്നു.

പാചക വാതക വിതരണ മേഖലയിൽ വ്യവസായ ബന്ധസമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കയർ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ 2018 ഓണം, ക്രിസ്തുമസ് അഡ്വാൻസ് ബോണസ് നിശ്ചയിച്ച് ഒത്ത് തീർപ്പ് കരാർ ഒപ്പ് വച്ചു.

കയർ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ 2018 വർഷത്തെ ഫൈനൽ ബോണസ് സംബന്ധിച്ച ഒത്ത് തീർപ്പിലെത്തി.

കാഷ്യു മേഖലയിലെ തൊഴിലാളികളുടെ 2018 വർഷത്തെ ഓണം അഡ്വാൻസ് ബോണസ് നിശ്ചയിച്ചു.

കാഷ്യൂ ഫാക്ടറികളിലെ സ്റ്റാഫിന്റെ സേവന വേതന കരാർ പുതുക്കി നിശ്ചയിച്ച് കരാർ ഒപ്പുവച്ചു.

സ്വകാര്യ ആശുപത്രി മേഖലയിലെ നഴ്സിംഗ് വിഭാഗം ട്രെയിനികളുടെ സ്റ്റൈപന്റ് പുതുക്കി നിശ്ചയിച്ചുകൊണ്ടും ട്രയിനിംഗിന്റെ മാനദണ്ഡം നിഷ്കർഷിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട് .

സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വകാര്യ ആയുർവേദ, ഹോമിയോ, ദന്തൽ ആശുപത്രികൾ, സ്വകാര്യ ലാബുകൾ, സ്കാനിംഗ് സെന്ററുകൾ, ഫാർമസികൾ എന്നിവയെ 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള കരട് വിജ്ഞാപനം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ് .

**എൻഫോഴ്സ്മെന്റ്**

കടകളിലും വാണിജ്യസ്ഥാപനങ്ങളിലും മറ്റ് മേഖലകളിലും നടത്തുന്ന പരിശോധനകളിൽ തൊഴിലാളികളുടെ തൊഴിലും സുരക്ഷയും ഉറപ്പുവരുത്തി ജീവനക്കാർക്ക് ലഭ്യമാകേണ്ട മിനിമം വേതനം, അധിക സമയ ജോലികൾക്കുള്ള ഓവർടൈം വേതനം, ആഴ്ച അവധി, ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധിദിനങ്ങൾ, സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നു. കൂടാതെ തൊഴിലാളികൾക്ക് വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം, മുലയൂട്ടുവാനുള്ള സൗകര്യം, ഹോസ്റ്റൽ സൗകര്യം, ടോയിലെറ്റ് സൗകര്യം എന്നിവ നിർബന്ധമായും സജ്ജീകരിക്കണമെന്ന വ്യവസ്ഥകൾ സംബന്ധിച്ച് എല്ലാ സ്ഥാപനങ്ങളിലും പരിശോധനയും ബോധവത്കരണവും നടത്തി ആയവ ഉറപ്പുവരുത്തുന്നതിന് ഊർജ്ജിത ശ്രമം നടത്തിവരുന്നു.

2018-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി(ഭേദഗതി) പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.മരണാനന്തര ആനുകൂല്യം :**

ടി പദ്ധതി പ്രകാരം കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും കേരളത്തിനകത്ത് വെച്ച് മരണമടയുന്ന തൊഴിലാളിയുടെ നിയമപരമായ അവകാശിക്ക് 25,000/-രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) നിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി നൽകുന്നതാണ് .ജോലിക്കിടയിൽ സംഭവിക്കുന്ന അപകടംമൂലമാണ് മരണമടയുന്നതെങ്കിൽ ധനസഹായം 2,00,000/-രൂപ (രണ്ടു ലക്ഷം രൂപ മാത്രം) ആയിരിക്കുന്നതാണ് . ടി പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും കേരള സംസ്ഥാനത്തിനകത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടയുന്ന ഏതൊരു കുടിയേറ്റ തൊഴിലാളികൾക്കും ടി ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

**2.ഭൗതികശരീരം നാട്ടിലെത്തിക്കുവാൻ ധനസഹായം :**

ടി പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും മരണമടയുന്ന അംഗത്തിന്റെ ഭൗതീക ശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിന് വേണ്ടി വരുന്ന ചെലവിലേക്ക് അംഗത്തിന്റെ ആവകാശികൾക്ക് നിധിയിൽനിന്നും ധനസഹായം നൽകുന്നതാണ് . ഇപ്രകാരമുള്ള ധനസഹായം ഭൗതിക ശരീരം എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, അല്ലെങ്കിൽ പരമാവധി 50,000/-രൂപയോ ഏതാണ് കുറവ് അത് നൽകുന്നതാണ് .

**3.ആശ്വാസ ധനസഹായം :**

ജോലിക്കിടെ അപകടംമൂലം പരിക്കേറ്റ് ആറു മാസത്തിൽ കുറയാത്തകാലം ജോലിചെയ്യാൻ കഴിയാതെ വന്ന അംഗത്തിനും, രോഗംമൂലം യാതൊരു ജോലിയും ചെയ്യാൻ പറ്റാത്ത രീതിയിൽ സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിനും അംഗത്വ കാലയളവിൽ പരമാവധി 25000/-രൂപ വരെ പ്രത്യേക ആശ്വാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് .

### 4. ചികിത്സാ ധനസഹായം :

അംഗത്തിന് പിടിപെടുന്ന മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരംഗത്തിന് അംഗത്വ കാലഘട്ടത്തിൽ പരമാവധി 25000/-രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി നിധിയിൽനിന്നും യഥാർത്ഥത്തിൽ ചെലവായ തുക ചികിത്സാ ചെലവായി അനുവദിച്ചു കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ് .

ആശുപത്രിയിൽ കിടത്തി ചികിത്സ അപകടത്തെ തുടർന്ന് ഇൻപേഷ്യന്റായോ പ്ലാസ്റ്റർ ഇട്ട് ഔട്ട് പേഷ്യന്റായോ സർക്കാർ ആശുപത്രിയിലോ ബോർഡ് അംഗീകരിച്ച സ്വകാര്യ സഹകരണ ആശുപത്രികളിലോ അഞ്ചോ അതിൽ കൂടുതലോ ദിവസം ചികിത്സ നടത്തുന്ന തൊഴിലാളിക്ക് ആദ്യം അഞ്ചു ദിവസത്തിന് 500/-രൂപയും തുടർന്നുള്ള ഓരോ ദിവസത്തേയ്ക്കും 100/-രൂപ വീതം പരമാവധി 20,000/-രൂപയും അപകട ചികിത്സ ധനസഹായമായി ലഭിക്കുന്നതാണ് .

### 5. ടെർമിനൽ ബെനിഫിറ്റ് :

മൂന്ന് വർഷത്തിൽ കുറയാത്തകാലം അംശദായം അടച്ച് തൊഴിൽ അവസാനിപ്പിക്കുന്ന അംഗത്തിന് പൂർത്തിയാക്കിയ ഓരോ വർഷത്തിനും 1000/-രൂപ നിരക്കിൽ കുറഞ്ഞത് 25,000/- രൂപയും പരമാവധി 50,000/-രൂപയും എന്ന നിബന്ധനയിൽ നിധിയിൽ നിന്നും ടെർമിനൽ ബെനിഫിറ്റായി പ്രത്യേക ധനസഹായം നൽകുന്നതാണ് .

### 6. വിദ്യാഭ്യാസ ഗ്രാന്റ് :

ഒരു വർഷത്തിൽ കുറയാത്ത കാലം നിധിയിൽ അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് . എസ് .എസ് .എൽ.സി യോ തത്തുല്യമായതോ ആയ കോഴ്സുകൾക്ക് മുകളിലുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കുള്ള പഠനത്തിനുവേണ്ടി വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കുന്നതാണ് .

എസ് .എസ് .എൽ.സി യോ തത്തുല്യമായതോ ആയ കോഴ്സുകൾക്ക് ശേഷം 3 വർഷം വരെയുള്ള കോഴ്സുകൾക്ക് പാരാമെഡിക്കൽ കോഴ്സുകളടക്കം പ്രതിവർഷം 1000/-രൂപയും, 3 വർഷ ഡിഗ്രി കോഴ്സിന് പ്രതിവർഷം 1000/-രൂപയും, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 1500/- രൂപയും, തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രതിവർഷം 3000/-രൂപയും ആയിരിക്കും ഗ്രാന്റ് തുക.

### 7. പ്രസവ ധനസഹായം:

കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ള സ്ത്രീ തൊഴിലാളികൾക്ക് അവർ ജോലി ചെയ്യുന്ന വിഭാഗത്തിലെ നിശ്ചയിക്കപ്പെട്ട മൂന്നു മാസത്തെ മിനിമം വേതനമോ 15,000/-രൂപയോ ഇതിൽ ഏതാണ് കുറവ് അത് പ്രസവ ധനസഹായമായി അനുവദിക്കുന്നതാണ് .

### പ്ലാന്റേഷൻസ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ

2017 ഓണക്കാലത്ത് പ്ലാന്റേഷൻസ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന തിരുവനന്തപുരം, ഇടുക്കി, പാലക്കാട് എന്നി ജില്ലകളിലെ പൂട്ടിക്കിടക്കുന്ന 12 തോട്ടങ്ങളിലെ 2464 റേഷൻ കാർഡ് ഉടമകൾക്ക് ഓണക്കിറ്റ് വിതരണം നടത്തിയിരുന്നു. കൂടാതെ ഇടുക്കി പ്ലാന്റേഷൻസ് വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി 80,37,176 രൂപയുടെ പ്രൊപ്പോസൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി തുകയുടെ ഭരണാനുമതിക്കായി സർക്കാരിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗതീരുമാനപ്രകാരം പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കണക്കാക്കുന്നതിന് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാൻറേഷന്റെ നേതൃത്വത്തിൽ ക്യാമ്പ് സംഘടിപ്പിക്കുകയും ഗ്രാറ്റുവിറ്റി അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് .

2018 ഓണക്കാലത്ത് പ്ലാൻറേഷൻസ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന തിരുവനന്തപുരം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലെ പൂട്ടിക്കിടക്കുന്ന 13 തോട്ടങ്ങളിലെ 2475 റേഷൻ കാർഡ് ഉടമകൾക്ക് ഓണക്കിറ്റ് വിതരണം നടത്തിയിരുന്നു.

**കാഷ്യൂ വിഷു എക്സ്ഗ്രേഷ്യ** - പൂട്ടികിടക്കുന്ന 352 കശുവണ്ടി ഫാക്ടറികളിലെ 34728 തൊഴിലാളികൾക്ക് 2,000/- രൂപ വീതം 6,94,56,000/- രൂപ (ആറു കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അമ്പത്തിയാറായിരം രൂപ മാത്രം)അനുവദിച്ചതിൽ 5,93,15,839/- (അഞ്ച് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റി മുപ്പത്തിയൊൻപത് രൂപ മാത്രം) വിഷു എക്സ്ഗ്രേഷ്യയായി വിതരണം ചെയ്തിട്ടുണ്ട് .

**ക്ഷേമപെൻഷനുകൾ** - ക്ഷേമപെൻഷനുകൾ ക്ഷേമനിധി ബോർഡുകളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി ബോർഡ് കമ്പനി ലിമിറ്റഡിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട് .

**തൊഴിൽ നയം**

ഉദ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക. മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച ലിംഗസമത്വം ഉറപ്പു വരുത്തുക. തൊഴിലാളികൾക്ക് ന്യായമായ വേതനവും, ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക. തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക. വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തിയും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചും തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക. സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുള്ളത് .

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമൈശ്വര്യങ്ങളും സാമൂഹിക സുരക്ഷയും തൊഴിൽ നയം ഉറപ്പാക്കുന്നു. തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടി ഉറപ്പിച്ച് കേരളത്തെ തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്താനും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യംവച്ച് അടിസ്ഥാന സൗകര്യ വിപുലീകരണവുമാണ് തൊഴിൽ നയം അംഗീകരിച്ചതിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത് .

സെക്ഷൻ ഓഫീസർ